# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4-ആഡിറ്റ് തടസ്സപ്പെടുത്തിയ 24,000/-(ഇരുപത്തിനാലായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം. 2320/16/തസ്വഭവ. തിരുവനന്തപുരം, തീയതി:01/08/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/08/2015-ലെ എം3-27005/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 22/01/2016-ലെ K.S.A 14104/ P.T1//2015-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവാക്കിയ 24,000/- (ഇരുപത്തിനാലായിരം രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു..

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 28/11/2013 ലെ V(5)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർദ്ധനരായ പട്ടികജാതിവിഭാഗക്കർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ്

മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-4 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവശ വിഭാഗങ്ങൾക്കായി പഞ്ചായത്ത് നടപ്പിലാക്കിയ സദുദ്ദേശപരമായ പദ്ധതി എന്ന നിലയ്ക്ക് 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4നെ സംബന്ധിച്ച പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതായി പഞ്ചായത്ത് കമ്മറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.മറ്റ് അപാകതകളൊന്നും ആഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടില്ല.ആയതിനാൽ കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 24,000/-(ഇരുപത്തിനാലായിരം രൂപ) രൂപയുടെ ചെലവിന് പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കൊഴുവനാൽ ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ